# കേരള സർവകലാശാല

നം.പി.ആർ.184/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മരിയൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സ്വാശ്രയ കോളേജ് 2016-17 പ്രവേശനം

കേരള സർവകലാശാലയുടെ കീഴിൽ പുതുതായി അനുവദിച്ചിട്ടുള്ള മേനംകുളം മരിയൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ (സ്വാശ്രയ കോളേജ്) ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ (2016-17) മെരിറ്റ് ക്വോട്ട വഴിയുള്ള പ്രവേശനം ഒക്ടോബർ ആറിന് കോളേജിൽ വച്ച് സർവകലാശാല നേരിട്ട് നടത്തും. താൽപര്യമുള്ളവർ രാവിലെ ഒമ്പതിനും പതിനൊന്ന് മണിക്കും ഇടയ്ക്ക് കോളേജിൽ ഹാജരാകണം. ഓൺലൈൻ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും. ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ബി.കോം ഇലക്ടീവ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.ബി.എ എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം നടത്തുക. എല്ലാ അസ്സൽ രേഖകളും അഡ്മിഷൻ സമയത്ത് ഹാജരാക്കണം. രേഖകൾ ഹാജരാക്കാൻ പ്രത്യേകം സമയം അനുവദിക്കുന്നതല്ല. പ്രവേശനം ലഭിക്കുന്നവർ സർവകലാശാല ഫീസ് (ജനറൽ വിഭാഗം 1370/- രൂപ, എസ്.സി/എസ്.ടി വിഭാഗങ്ങൾ 685 രൂപ) ഉൾപ്പെടെയുള്ള ഫീസ് അടയ്ക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തവർ പ്രിന്റ് ഔട്ടിന്റെ പകർപ്പ് കൊണ്ട് വരണം.

### സമ്പർക്കക്ലാസുകൾക്ക് അവധി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ മൂന്നാം വർഷ ബിരുദ കോഴ്സുകളുടെ സമ്പർക്കക്ലാസുകൾക്ക് എല്ലാ കേന്ദ്രങ്ങളിലും ഒക്ടോബർ എട്ട്, ഒമ്പത് തീയതികളിൽ അവധിയായിരിക്കും.

### ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പ്രോജക്ട് : ഒക്ടോബർ 15-നകം സമർപ്പിക്കണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ എം.എ, എം.എസ്സി പ്രോജക്ടുകൾ ഒക്ടോബർ 15-നകം സമർപ്പിക്കണം.

## എം.എസ്‌സി ജിയോളജി പ്രാക്ടിക്കൽ/വൈവ

**കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി ജിയോളജി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ 13 മുതൽ 17 വരെ രാവിലെ 10 മണിമുതൽ അതത് കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
04.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**